ഭരണഭാഷ മാതൃഭാഷ

**DCETVM/6423/2024-C4**

കോളേജ് വിദ്യാഭ്യാസ വകുപ്പ്
ആസ്ഥാന കാര്യാലയം, വികാസ് ഭവൻ
തിരുവനന്തപുരം
**08-09-2024**

## പരിപത്രം

വിഷയം :-

കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം- ശ്രീ.റൂബിൾ ജോൺ-ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ സംയോജിത സീനിയോറിറ്റി ലിസ്റ്റിൽ അർഹമായ സ്ഥാനം നല്കി ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്:-

സൂചന :-

1) 08/09/2016 ലെ സി4/20099/2016/നം. മുൻഗണന പട്ടിക
2) 06/05/2016 തീയതിയിലെ സി3/6168/2016/കോ.വി.വ നം. മുൻഗണന പട്ടിക
3) 03/09/2022 തിയ്യതിയിലെ എഫ്1/4/2022/-HEDN നം സർക്കാർ കത്ത്
4 ) കോളേജ് വിദ്യാഭ്യാസ വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ **28/10/2022** ലെ **C3/35415/2021/DCE** നം. ഉത്തരവ്
5)തൃപ്പൂണിത്തുറ സർക്കാർ സംസ്കൃത കോളേജ് പ്രിൻസിപ്പാളിൻറെ **24/05/2024** ലെ കത്ത്

കോളേജ് വിദ്യാഭ്യാസ വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ ലാബ്/ലൈബ്രറി/ക്ലറിക്കൽ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റത്തിനായുള്ള സംയോജിത സീനിയോറിറ്റി പട്ടിക സൂചന (1) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. തൃപ്പൂണിത്തുറ സർക്കാർ കോളേജിൽ ഓഫീസ് അറ്റൻഡൻറ് ശ്രീ.റൂബിൾ ജോൺ എറണാകുളം ജില്ലാ പി.എസ്.സി ഓഫീസറുടെ **28/02/2015** ലെ **E II(3) 651/10-(II)** നം.നിയമന ശുപാർശ പ്രകാരം **02.05.2015** പൂർവാഹ്നം പ്രാബല്യത്തിൽ തൃപ്പൂണിത്തുറ സർക്കാർ സംസ്കൃത കോളേജിലെ നൈറ്റ് വാച്ച്മാൻ ഒഴിവിൽ ജോലിയിൽ പ്രവേശിച്ചു. നിരീക്ഷണ കാലയളവിൽ വിദേശത്ത് ജോലിക്ക് പോകുന്നതിലേക്കായി **07.05.2015** മുതൽ ആറ് മാസത്തേക്ക് ശൂന്യവേതനാവധിക്ക് അപേക്ഷിക്കുകയും എന്നാൽ പ്രസ്തുത അപേക്ഷയിന്മേൽ തീരുമാനം ആകും മുൻപ് ഒരു അറിയിപ്പും ഇല്ലാതെ **07.05.2015** മുതൽ അനധികൃതമായി സർവീസിൽ നിന്നും വിട്ടു നില്ക്കുകയും ചെയ്തു. അച്ചടക്ക നടപടിയുടെ ഭാഗമായി ടിയാന് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ടിയാൻ വിശദീകരണം സമർപ്പിക്കുകയും ആയതിൻറെ അടിസ്ഥാനത്തിൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിന്ന **07.05.2015** മുതൽ **11.05.2016** വരെയുള്ള കാലയളവ് യാതൊരുവിധ സർവീസ് ആനുകൂല്യങ്ങൾക്കും കണക്കാക്കില്ല എന്ന വ്യവസ്ഥയിൽ നോൺ ഡ്യൂട്ടി ആയി ക്രമീകരിച്ച് ടിയാനെതിരെയുള്ള അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവാകുകയും ചെയ്തിരുന്നു. തുടർന്ന് ടിയാൻ **12.05.2016** -ൽ തൃപ്പൂണിത്തുറ സർക്കാർ സംസ്കൃത കോളേജിൽ തിരികെ ജോലിയിൽ പ്രവേശിച്ചു .

തുടർന്ന് ടിയാൻറെ സീനിയോറിറ്റി കണക്കാക്കേണ്ട തീയതി സംബന്ധിച്ച് സർക്കാർ സ്പഷ്ടീകരണം ലഭ്യമാക്കുകയും പരാമർശം (3) പ്രകാരം ടിയാൻറെ നിയമന ശുപാർശ തീയതിയായ **28.02.2015** അടിസ്ഥാനമാക്കി സീനിയോറിറ്റി നിശ്ചയിക്കുന്നതിന് സർക്കാർ അനുമതി ലഭിച്ചതിനെ തുടർന്ന് ടിയാനെ ഓഫീസ് അറ്റൻഡന്റ്/മാർക്കർ/നൈറ്റ് വാച്ച്മാൻ എന്നിവരുടെ അന്തിമമുൻഗണന പട്ടികയിൽ ക്രമ നം **339** എ ആയി സ്ഥാനം നിർണ്ണയിച്ച് ഉത്തരവാകുകയും ചെയ്തിരുന്നു.

അതുപോലെ ലാബ്/ലൈബ്രറി/ക്ലറിക്കൽ അസിസ്റ്റൻറ് തസ്തികയിലേയ്ക്ക് പ്രൊമോഷന് പരിഗണിക്കുന്ന ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ പരാമർശം (1) സംയോജിത സീനിയോറിറ്റി ലിസ്റ്റിലും സ്ഥാനം നിർണ്ണയിക്കണമെന്ന് ടിയാൻ പരാമർശം (5) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ടിയാൻറെ

സീനിയോറിറ്റി നിയമനശുപാർശ തീയതിയായ **28/02/2015** അടിസ്ഥാനത്തിൽ നിശ്ചയിക്കുന്നതിന് സർക്കാർ അനുമതി ലഭ്യമായിട്ടുള്ള സാഹചര്യത്തിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ സംയോജിത സീനിയോറിറ്റി ലിസ്റ്റിൽ ടിയാന് **398** നും **399** നുമിടയിൽ **398A** ആയി താത്ക്കാലികമായി ഉൾപ്പെടുത്തുന്നു. ഇതിനെതിരെ ടി ലിസ്റ്റിൽ ശേഷിക്കുന്ന ജീവനക്കാർക്ക് എന്തെങ്കിലും തരത്തിലുള്ള പരാതിയോ ആക്ഷേപമോ ഉള്ള പക്ഷം ആയതു സ്ഥാപനമേധാവി മുഖേന രേഖകൾ സഹിതം **13/09/2024** നകം ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.

സ്ഥാപനമേധാവികൾ ഈ സർക്കുലർ ബന്ധപ്പെട്ട ജീവനക്കാർ കണ്ടു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

Signed by
Satheesh S
Date: 08-09-2024 09:44:04

Satheesh S

**SENIOR ADMINISTRATIVE OFFICER**

പകർപ്പ് :-

1.വകുപ്പിന് കീഴിലെ എല്ലാ സർക്കാർ സ്ഥാപന മേധാവികൾക്കും

2.സിസ്റ്റം മാനേജർക്ക് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്